

**ഡോ. എം. കെ. മുനീർ**
(ഐ.യു.എം.എൽ. - കൊടുവള്ളി)

മുൻ മുഖ്യമന്ത്രിയും സ്പീക്കറുമായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദ് കോയയുടെയും ശ്രീമതി ആമിന മുഹമ്മദ്കോയയുടെയും മകനായി 1962 ആഗസ്റ്റ് 26-ാം തീയതി കോഴിക്കോട് ജില്ലയിൽ ജനിച്ചു; എം.ബി.ബി.എസ്.; ഡോക്ടർ.

**വഹിച്ച സ്ഥാനങ്ങൾ**

മുസ്ലീം യൂത്ത് ലീഗ് കേരള സംസ്ഥാന കമ്മിറ്റി പ്രസിഡന്റ്.

ഐ.യു.എം.എൽ.: ഹൈ പവർ കമ്മിറ്റി അംഗം, കേരള സംസ്ഥാന സെക്രട്ടറി.

കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ.

14-ാം കേരള നിയമസഭയിൽ മുസ്ലീം ലീഗ് പാർലമെന്ററി പാർട്ടി നേതാവ്.

പൊതുമരാമത്ത് വകുപ്പ് മന്ത്രി (26.05.2001-29.08.2004 & 05.09.2004 - 12.05.2006).

പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി (23.05.2011 - 20.05.2016).

പ്രതിപക്ഷ ഉപനേതാവ് (2017-2021).

'ഫാഷിസവും സംഘപരിവാറും' എന്ന പുസ്തകത്തിന് 1998-ൽ സാഹിത്യത്തിനുള്ള സി. അച്ചുതമേനോൻ അവാർഡ് ലഭിച്ചു. ഇന്റർ മെഡിക്കോസ് മത്സരത്തിൽ മികച്ച ഗായകനായും അഭിനേതാവായും കാർട്ടൂണിസ്റ്റായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

കോഴിക്കോട്-II നിയോജകമണ്ഡലത്തിൽ നിന്നും 1991-ൽ 9-ാം കേരള നിയമസഭയിലേക്കും, മലപ്പുറം നിയോജകമണ്ഡലത്തിൽ നിന്നും 1996, 2001 വർഷങ്ങളിൽ യഥാക്രമം 10, 11 കേരള നിയമസഭകളിലേക്കും, കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ നിന്നും 2011, 2016 വർഷങ്ങളിൽ യഥാക്രമം 13, 14 എന്നീ കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഹിന്ദി, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി നഫീസ വിനീത |
| കുട്ടികൾ | : | ഡോ. മുഹമ്മദ് മുഹ്‌ലിഹ്<br>ശ്രീ. മുഹമ്മദ് മിന്ന<br>കുമാരി ആമിന ഫാത്തിമ മാലിഹ |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | ജർമ്മനി, ചൈന, മലേഷ്യ, സൗത്ത് ആഫ്രിക്ക, യു.എ.ഇ., സൗദി അറേബ്യ, ഖത്തർ, ബഹ്റിൻ, കുവൈറ്റ്, ജപ്പാൻ, ഒമാൻ, തായ്‌ലന്റ്, ഹോങ്കോങ്ങ്, സിംഗപ്പൂർ, യു.കെ., യു.എസ്., ഫ്രാൻസ് |
| ശീലങ്ങൾ | : | വായന, ചിത്രരചന, സ്റ്റാമ്പ്, നാണയം എന്നിവയുടെ ശേഖരണം |
| വിനോദം | : | പെയ്ന്റിംഗ്, കാർട്ടൂൺ രചന, സംഗീതം |
| സാഹിത്യ പ്രവർത്തനങ്ങൾ | : | എഴുത്തുകാരൻ, പ്രസാധകൻ, പ്രഭാഷകൻ |
| സ്ഥിരമേൽവിലാസം | : | ക്രസന്റ് ഹൗസ്,<br>സി.എച്ച്. ക്രോസ് റോഡ്,<br>ഈസ്റ്റ് നടക്കാവ്,<br>കോഴിക്കോട്-673 011. |
| ഇ-മെയിൽ | : | mkmuneer2@gmail.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| ഓഫീസ് | : | 0471-2512313 |
| മൊബൈൽ | : | 99470 41000, 99959 41000 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,83,551 |
| വോട്ടു ചെയ്തവർ | : | 1,51,154 |
| ഡോ. എം. കെ. മുനീർ (ഐ.യു.എം.എൽ.) | : | 72,336 |
| ശ്രീ. കാരാട്ട് റസാഖ് (സ്വതന്ത്രൻ) | : | 65,992 |
| ശ്രീ. റ്റി. ബാലസോമൻ (ബി.ജെ.പി.) | : | 9,498 |